"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം-നഗരകാര്യ വകുപ്പ് ചാവക്കാട് നഗരസഭയിലെ എൽ.ഡി.സി/ബി.സി ശ്രീ കെ.വി.അജിലേഷ്-ചികിത്സാചെലവ് റീ ഇംബേഴ്സ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്

സ.ഉ.(സാധാ) നം.767/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 20/04/2020

---

പരാമർശം:- 1 ചാവക്കാട് നഗരസഭയിലെ എൽ.ഡി.സി/ബി.സി ശ്രീ കെ.വി.അജിലേഷ്- -ന്റെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അപേക്ഷ.

2 നഗരകാര്യഡയറക്ടറുടെ 24.03.2014 തീയതിയിലെ ഡി.സി.1- 2806/2014 നമ്പർ കത്ത്.

**ഉത്തരവ്**

ചാവക്കാട് നഗരസഭയിൽ എൽ.ഡി.ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ച വന്ന ശ്രീ കെ. വി അജിലേഷിന് 'ഗില്ലൻബാരി' എന്ന അസുഖത്തിന് തൃശ്ശൂർ വെസ്റ്റ് ഫോർട്ട് ഹൈടെക് ഹോസ്പിറ്റലിൽ ചികിത്സ നടത്തിയതിന് ചെലവായ തുക റീ ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിനുള്ള ടിയാളുടെ പരാമർശം 1 പ്രകാരമുള്ള അപേക്ഷ, സർക്കാരിന്റെ പ്രത്യേകാനുമതിക്ക് ശുപാർശ ചെയ്ത് പരാമർശം 2 പ്രകാരം നഗരകാര്യ ഡയറക്ടർ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം ചാവക്കാട് നഗരസഭയിലെ എൽ.ഡി.സി/ബി.സി തസ്തികയിൽ സേവനമനുഷ്ഠിച്ച വന്ന ശ്രീ കെ.വി.അജിലേഷിന്റെ ചികിത്സയുമായി ബന്ധപ്പെട്ട് തൃശ്ശൂർ വെസ്റ്റ് ഫോർട്ട് ഹൈടെക് ആശുപത്രിയിൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയ തുകയായ 2,47,543/- രൂപയുടെ 80% തുകയായ 1,98,034/- രൂപ ( ഒരു ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി മുപ്പത്തി നാല് രൂപ മാത്രം) മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ആയി അനുവദിക്കുന്നതിന് നഗരകാര്യഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം(മെഡിക്കൽ ബില്ലുകൾ ഉൾപ്പെടെ)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, ചാവക്കാട് നഗരസഭ ( നഗരകാര്യ ഡയറക്ടർ മുഖേന)

ശ്രീ. കെ.വി.അജിലേഷ്, എൽ.ഡി.സി/ബി.സി, ചാവക്കാട് നഗരസഭ ( നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ